# ഐസിഎആർ: കേരളത്തിന് 5 പുരസ്കാരങ്ങൾ

ന്യൂഡൽഹി● ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾചറൽ റിസർച് (ഐസിഎആർ) നവതിആഘോഷങ്ങളുടെഭാഗമായിഏർപ്പെടുത്തിയ പുരസ്കാരങ്ങളിൽ അഞ്ചെണ്ണം കേരളത്തിന്. ചൗധരി ദേവി ലാൽ റിസർച് പ്രോജക്ട് അവാർഡ് കോഴിക്കോട്ടെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ചിനും കണ്ണൂരിലെ പന്നിയൂർ പെപ്പർ റിസർച് സ്റ്റേഷനും ലഭിച്ചു. ജവാഹർലാൽ നെഹ്റു ഡോക്ടറൽ തിസീസ് റിസർച് അവാർഡ് കൊച്ചി സിഎംഎഫ്ആർഐ മറൈൻ ബയോളജി ഡിവിഷനിലെ ഡോ. അനുശ്രീ വേലപ്പൻ, കൊല്ലം പാരിപ്പള്ളി ഡോ. ആശ ശ്രീനിവാസൻ എന്നിവർ നേടി.

ലാൽ ബഹാദൂർ ശാസ്ത്രി യങ് സയന്റിസ്റ്റ് അവാർഡ് കൊച്ചി മറൈൻ ഫിഷറീസ് റിസർച് ഇൻസ്റ്റിറ്റ്യൂട്ടിലെ ഡോ. എൽദോ വർഗീസിനു ലഭിച്ചു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പൈസസ് റിസർച്ചിനു വേണ്ടി ഡയറക്ടർ കെ.നിർമൽ ബാബുവും പന്നിയൂർ പെപ്പർ റിസർച് സ്റ്റേഷനു വേണ്ടി അസി. പ്രഫസർ ഡോ. പി.എം.അജിത്തും കേന്ദ്ര കൃഷി മന്ത്രി രാധാ മോഹൻ സിങ്ങിൽനിന്നു പുരസ്കാരങ്ങൾ ഏറ്റുവാങ്ങി.